بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ﴿۱﴾

# ജുമുഅ: ഖുത്ബ സംഗ്രഹം 13.05.2022

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.*

## ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 18

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِکِ يَوۡمِ الدِّيۡنِ ○ اِيَّاکَ
نَعۡبُدُ وَاِيَّاکَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ
عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

ഹദ്റത് അബൂബക്കർ(റ)ന്റെ കാലത്തുള്ള ഫിതനകൾക്കെതിരെ ഉണ്ടായ നീക്കങ്ങളെ കുറിച്ചാണ് പരാമർശിച്ചിരുന്നത്. അതോടനുബന്ധിച്ച് ഹദ്റത് ഖാലിദ് ബിൻ വലീദ്(റ) ബുതാഹിൽ മാലിക് ബിൻ നുവൈറയുടെ അടുത്തേക്ക് മുന്നേറിയത് സംബന്ധിച്ച വിശദീകരണം ഇപ്രകാരമാകുന്നു, മാലിക് ബിൻ നുവൈറ ബനൂതമീമിന്റെ ശാഖയായ ബനൂ യർബൂഇൽപെട്ടയാളായിരുന്നു. അയാൾ ഹിജ്റ ഒമ്പതാം വർഷം മദീനയിൽ വന്നു ഇസ്‌ലാം സ്വീകരിച്ചു. സമൂഹത്തിലെ നേതാവായിരുന്ന അയാളെ തിരുനബി(സ) അയാളുടെ ഗോത്രത്തിലെ സക്കാത്ത് പിരിക്കാൻ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ നബി(സ) വഫാത്താവുകയും അറേബ്യയിൽ മതനിരാസത്തിന്റെയും കലാപത്തിന്റെയും തിരമാലകൾ ഉയരുകയും ചെയ്തപ്പോൾ മാലിക് ബിൻ നുവൈറയും മുർത്തദ്ദായവരിലുൾപ്പെടുകയുണ്ടായി. തിരുനബി(സ) വഫാത്തായ അറിയിപ്പ് കിട്ടിയപ്പോൾ അയാൾ ആനന്ദിക്കുകയും സന്തോഷ പ്രകടനം നടത്തുകയും ചെയ്തു. തന്റെ ഗോത്രത്തിൽ സക്കാത്ത് നിർബന്ധമാണെന്നു മനസ്സിലാക്കുന്നതോടൊപ്പം സക്കാത്തിന്റെ തുക മുസ്‌ലിംകളുടെ കേന്ദ്രമായ മദീനയിലേക്ക് അയക്കാൻ ആവശ്യപ്പെടുകയും ചെയ്ത മുസ്‌ലിംകളെ അയാൾ വധിച്ചു. (ഇത്തരത്തിൽ മുസ്‌ലിംകൾക്ക് നഷ്ടം വരുത്താൻ ശ്രമിച്ചവർക്കെതിരെയാണ് ശക്തമായ നടപടിയെടുത്തത്.) മറുഭാഗത്ത് വ്യാജനുബുവ്വത്ത് വാദിയും കലാപകാരിയുമായ സജ്ജാഹുമായി ചേരുകയുണ്ടായി. ആ (സ്ത്രീ) വലിയൊരു സൈന്യവുമായി മദീനയെ ആക്രമിക്കാൻ (ആഗ്രഹിച്ചു) വന്നതായിരുന്നു.

ക്രിസ്ത്യാനിയും നല്ല പണ്ഡിതയും ജ്യോതിഷിയുമായിരുന്ന ഉമ്മു സ്വാദിർ എന്നു വിളിപ്പേരുള്ള സജ്ജാഹ് ബിൻത് ഹാരിസ്, ബനൂതമീം ഗോത്രത്തിൽപെട്ടവളായിരുന്നു. ഇവർ അറേബ്യയിൽ മതനിരാസത്തിന് മുമ്പോ അതിനടിയിലോ പ്രത്യക്ഷപ്പെട്ട വ്യാജ നുബുവ്വത്ത് വാദികളിലും കലാപകാരികളായ ഗോത്രനേതാക്കന്മാരിലും ഉൾപ്പെടുന്നു. സജ്ജാഹ് തന്റെ വലിയ സൈന്യത്തോടൊപ്പം പൊടുന്നനെ ബനൂതമീമിലെത്തി തന്റെ നുബുവ്വത്തിനെക്കുറിച്ച് തന്നിൽ വിശ്വസിക്കാൻ അവരെ ക്ഷണിക്കാം എന്ന ഉദ്ദേശത്തോടുകൂടി മുന്നോട്ട് ഗമിക്കുകയായിരുന്നു. മാത്രമല്ല മുഴുവൻ ഗോത്രവും ഐക്യകണ്ഠേന അവരോടൊപ്പം കൂടുമെന്നും ബനൂ യർബൂഇന്റെ നബിയ്യ ഖുറൈശികളുടെ നബിയേക്കാൾ ഉത്തമയാണ്; തിരുനബി(സ) വഫാത്തായിരിക്കുന്നു, സജ്ജാഹ് ജീവിച്ചിരിക്കുന്നുവെന്ന് ഉയൈനയെപ്പോലെ ബനൂതമീമും പറയുമെന്നു കരുതി. സജ്ജാഹ് തന്റെ സൈന്യത്തോടൊപ്പം ബനൂ യർബൂഇന്റെ അതിർത്തിയിൽ എത്തി അവിടെ നിൽക്കുകയും ഗോത്രത്തലവനായ മാലിക് ബിൻ നുവൈറയുമായി രഞ്ജിപ്പിലെത്തി മദീനയിൽ ഒന്നിച്ച് ആക്രമണം നടത്താൻ ക്ഷണിക്കുകയും ചെയ്തു. മാലിക് രഞ്ജിപ്പിനുള്ള ക്ഷണം സ്വീകരിച്ചെങ്കിലും മദീനയെ ആക്രമിക്കാനുള്ള ഉദ്ദേശത്തിൽനിന്ന് പിന്മാറാൻ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: മദീനയിലെത്തി അബൂബക്കർ(റ)ന്റെ സൈന്യത്തെ നേരിടുന്നതിനേക്കാൾ ഉചിതം സ്വന്തം ഗോത്രത്തിലെ എതിർപ്പുയർത്തുന്നവരെ ഇല്ലാതാക്കുകയാണ്. മാലികിന്റെ അഭിപ്രായത്തെ ഇഷ്ടപ്പെട്ടുകൊണ്ട് സജ്ജാഹ് ബനൂയർബൂഇന്റെ മറ്റു നേതാക്കന്മാർക്കും അനുരഞ്ജതിന് സന്ദേശമയച്ചു. എന്നാൽ വകീഅ് അല്ലാതെ മറ്റാരും തന്നെ ഈ ക്ഷണം സ്വീകരിച്ചില്ല. അപ്പോൾ സജ്ജാഹ്, മാലികിനോടും വകീഇനോടും തന്റെ സൈന്യത്തോടൊപ്പം മറ്റു നേതാക്കന്മാർക്കെതിരിൽ യുദ്ധ പ്രഖ്യാപനം നടത്തി. ഘോരയുദ്ധം നടന്നതിൽ ഇരുകൂട്ടരുടെയും നിരവധി ആളുകൾ കൊല്ലപ്പെട്ടു. ഒരേ ഗോത്രത്തിലെ ജനങ്ങൾ പരസ്പരം ആളുകളെ ബന്ധനസ്ഥരാക്കി. എന്നാൽ കുറച്ച് നാളുകൾക്കുശേഷം മാലിക്കും വകീഉം തങ്ങൾ ആ സ്ത്രീയെ പിന്തുണച്ചുകൊണ്ട് കഠിനമായ തെറ്റാണു ചെയ്തതെന്ന് മനസ്സിലാക്കികൊണ്ട് അവർ മറ്റു നേതാക്കന്മാരുമായി സുൽഹ് ചെയ്തു. (പരസ്പരം) യുദ്ധത്തടവുകാരെ കൈമാറി.

സജ്ജാഹ് അവിടെ തന്റെ ലക്ഷ്യം പൂർത്തിയാക്കാൻ കഴിയുന്നില്ലെന്ന് മനസ്സിലാക്കിയപ്പോൾ അവർ ബനൂതമീമിൽനിന്ന് ഒഴിഞ്ഞുമാറി മദീനയിലേക്ക് കുതിച്ചു. അവിടെയെത്തി ഔസ് ബിൻ ഖുസൈമയുമായി ഏറ്റുമുട്ടേണ്ടി വന്നു. അതിൽ സജ്ജാഹ് പരാജയപെട്ടു. മദീനയിലേക്ക് മുന്നേറുന്നതല്ലെന്നുള്ള ഉറച്ച തീരുമാനം എടുക്കുന്നതുവരെ സജ്ജാഹിനെ തിരിച്ച് പോകാൻ ഔസ് ബിൻ ഖുസൈമ സമ്മതിച്ചില്ല.

സജ്ജാഹിന്റെ സൈനീക നേതാക്കന്മാർ മദീനയിലേക്കുള്ള വഴികളടഞ്ഞിരിക്കുന്നതിൽ പ്രയാസത്തിലായി.

ഭാവിയിലെ നീക്കങ്ങളെ സംബന്ധിച്ച് ആരാഞ്ഞപ്പോൾ സജ്ജാഹ്, പ്രാസമൊപ്പിച്ച വാക്കുകളാൽ വഹ്യിന്റെ രൂപത്തിൽ പറഞ്ഞു: മദീനയിലേക്കുള്ള വഴികൾ അടഞ്ഞിരിക്കുകയാണെങ്കിലും പ്രശ്നമൊന്നുമില്ല; നിങ്ങൾ യമാമയിലേക്ക് നീങ്ങുക. സജ്ജാഹ് തന്റെ സൈന്യത്തോടൊപ്പം യമാമയിലെത്തിയപ്പോൾ മുസൈലിമക്ക് വലിയ ആശങ്കയായി. അയാൾ ചിന്തിച്ചത്, സജ്ജാഹിന്റെ സൈന്യവുമായി യുദ്ധത്തിലേർപ്പെട്ടാൽ അയാളുടെ ശക്തി ക്ഷയിക്കുന്നതാണ്. ഇസ്‌ലാമിക സൈന്യം അതിനുമേൽ വിജയം കൈവരിക്കും. മാത്രമല്ല ചുറ്റുപാടുമുള്ള ഗോത്രങ്ങളും അയാളെ അനുസരിക്കുന്നതിൽനിന്ന് പിന്മാറും. ഇങ്ങനെ ചിന്തിച്ചുകൊണ്ട് അയാൾ സജ്ജാഹുമായി അനുരഞ്ജനത്തിലെത്താനാഗ്രഹിച്ചു. ആദ്യം അവർക്ക് ഉപഹാരങ്ങൾ കൊടുത്തയച്ചു. തുടർന്ന് അവരെ കാണുന്നതിനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. അവർ മുസൈലിമക്ക് വരാൻ അനുവാദം നൽകി.

മുസൈലിമ, ബനൂ ഹനീഫയിലെ നാല്പത് ആളുകളോടൊപ്പം അവരുടെ അടുത്തെത്തി. തനിയെ ഇരുന്നു അവരുമായി സംസാരിച്ചു. (ഈ സംഭാഷണത്തിൽ അവർ പരസ്പരം ആകൃഷ്ടരായി.) സജ്ജാഹിനെ പൂർണമായും തന്റെ നിയന്ത്രണത്തിലാക്കാനും തന്റെ കൂടെ ചേർക്കുന്നതിനും മുസൈലിമ പറഞ്ഞു: നമുക്ക് നമ്മുടെ രണ്ടുപേരുടെയും പ്രവാചകത്വം ഒന്നാക്കാം. രണ്ടുപേർക്കും വിവാഹം ചെയ്യാം. സജ്ജാഹ് ഈ അഭിപ്രായം സ്വീകരിച്ചു. മൂന്നു ദിവസത്തോളം അവിടെ താമസിച്ചശേഷം അവർ തന്റെ സൈന്യത്തിലേക്ക് തിരിച്ചുവന്നു. എന്നിട്ട് തന്റെ സുഹൃത്തുക്കളോട്, മുസൈലിമയെ സത്യത്തിലാണെന്നു താൻ കണ്ടുവെന്നും അയാളുമായി വിവാഹം കഴിച്ചുവെന്നും അറിയിച്ചു. ജനങ്ങൾ ചോദിച്ചു: മഹർ എന്തെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ. അവർ പറഞ്ഞു: മഹർ ഒന്നും നിശ്ചയിച്ചിട്ടില്ല. ജനങ്ങൾ പറഞ്ഞു: തിരിച്ചുപോയി മഹർ നിശ്ചയിക്കുക. കാരണം താങ്കളെപോലുള്ള വ്യക്തി മഹർ ഇല്ലാതെ വിവാഹം കഴിക്കുന്നത് ഉചിതമല്ല. അങ്ങനെ അവൾ മുസൈലിമയുടെ അടുത്തേക്ക് തിരിച്ച് പോകുകയും തന്റെ ആഗമനോദ്ദേശം പറയുകയും ചെയ്തു. മുസൈലിമ അവർക്കുവേണ്ടി ഇശാഅ്, ഫജ്ർ നമസ്കാരങ്ങൾ ചെറുതാക്കി. അല്ലെങ്കിൽ ഇല്ലാതാക്കി. ഏതായാലും മഹറിനെ സംബന്ധിച്ച് ഇങ്ങനെ തീരുമാനം അറിയിച്ചു; മുസൈലിമ യമാമയിലെ ഭൂമിയിൽനിന്നുള്ള വരവിന്റെ പകുതി സജ്ജാഹിനു കൊടുക്കുന്നതാണ്.

ശേഷം സജ്ജാഹ് ബനൂ തഗ്‌ലബിൽ താമസിച്ചു. പിന്നീട് അവർ തൗബ ചെയ്തു; ഇസ്‌ലാം സ്വീകരിച്ചു. ഹദ്റത് അമീർ മുആവിയ വരൾച്ചയുടെ വർഷം അവരെ അവരുടെ ജനതയോടൊപ്പം ബനൂ തമീമിലേക്ക് പറഞ്ഞയച്ചു. അവിടെ അവർ മരണംവരെയും മുസ്‌ലിമായി തന്നെ ജീവിച്ചു.

ഹദ്റത് അബൂബക്കർ(റ) ഹദ്റത് ഖാലിദ് ബിൻ വലീദ്(റ)ന് ഇങ്ങനെ കല്പന നൽകി, തുലൈഹ അൽഅസദിയുടെ കാര്യത്തിൽനിന്ന് വിരമിച്ചശേഷം ബുത്താഹിൽ താമസിക്കുന്ന മാലിക് ബിൻ നുവൈറയെ നേരിടാൻ പോകുക. ഹദ്റത് ഖാലിദ്(റ) ബത്താഹിൽ വന്നപ്പോൾ അവിടെ ആരെയും കണ്ടില്ല. ഹദ്റത് ഖാലിദ് വിവിധ സൈനീക സംഘങ്ങളെ പല ഭാഗത്തേക്കും അയച്ചുകൊണ്ട് എവിടെയെത്തിയാലും അവരെ ആദ്യം ഇസ്‌ലാമിലേക്ക് ക്ഷണിക്കാൻ അവർക്ക് നിർദേശം നൽകി. അതിനു മറുപടി നല്കാത്തവരെ ബന്ധനസ്ഥരാക്കികൊണ്ടുവരികയും എതിർക്കുന്നവരെ വധിക്കുകയും ചെയ്യുക. ഈ സൈനീക സംഘങ്ങളിൽ ഒന്ന് മാലിക് ബിൻ നുവൈറയേയും അയാളോടൊപ്പമുണ്ടായിരുന്ന ബനൂ സഅലബ ബിൻ യർബൂഇലെ കുറച്ച് ആളുകളേയും ബന്ധനസ്ഥരാക്കി കൊണ്ടുവന്നു.

മാലിക് ബിൻ നുവൈറയുടെ വധത്തെ സംബന്ധിച്ച് രണ്ടു തരത്തിലുള്ള നിവേദനങ്ങളിൽ ഒന്നിൽ പറയുന്നത്, അന്നത്തെ ദിവസം രാത്രി കൊടുംതണുപ്പായിരുന്നു. തണുപ്പ് വർധിച്ചപ്പോൾ ഹദ്റത് ഖാലിദ് ഇങ്ങനെ വിളംബരം ചെയ്യാൻ കൽപിച്ചു. *അദ്ഫിഊ അസ്റാക്കും.* ബന്ധനസ്ഥർക്ക് ചൂട് നൽകുക. എന്നാൽ ബനൂ കിനാനയുടെ ശൈലിയനുസരിച്ച് അതിനർഥം അവരെ വധിക്കുക എന്നതായിരുന്നു. സൈനികർ ആ വാക്കുകൾക്ക് പ്രാദേശിക ശൈലിയനുസരിച്ച് (ബന്ധനസ്ഥരെ വധിക്കാൻ കൽപന നൽകിയെന്നു മനസ്സിലാക്കി) എല്ലാ ബന്ധികളെയും വധിക്കുകയുണ്ടായി. ബഹളം കേട്ട് ഹദ്റത് ഖാലിദ് ബിൻ വലീദ്(റ) തന്റെ കൂടാരത്തിൽനിന്ന് പുറത്തുവന്നപ്പോഴേക്കും സൈനികർ എല്ലാ ബന്ധികളെയും വകവരുത്തിയിട്ടുണ്ടായിരുന്നു. ഇനി എന്താണ് ചെയ്യുക. അദ്ദേഹം പറഞ്ഞു: അല്ലാഹു ആഗ്രഹിക്കുന്നത് തീർച്ചയായും നടക്കുക തന്നെ ചെയ്യും. വേറൊരു നിവേദനത്തിൽ പറയുന്നു: ഹദ്റത് ഖാലിദ്(റ), മാലിക് ബിൻ നുവൈറയെ തന്റെ അടുത്തേക്കു വിളിച്ചു. സജ്ജാഹിനോടൊപ്പം നില്ക്കുന്നതിനേയും സക്കാത്ത് വിലക്കുന്നതിനെയും സംബന്ധിച്ച് താക്കീത് നൽകികൊണ്ട് പറഞ്ഞു: സക്കാത്ത് നമസ്കാരത്തിന്റെ കൂട്ടാളിയാണെന്നു നിനക്കറിയില്ലേ. (അവ രണ്ടും ഒരേ പോലെയുള്ള കല്പനകളാണ്.) മാലിക്ക് പറഞ്ഞു: നിങ്ങളുടെ സുഹൃത്തിന്റേയും ഇത് തന്നെയായിരുന്നു ധാരണ. അതായത് നബി(സ) എന്ന് പറയുന്നതിനു പകരം സാഹിബ് അഥവാ സുഹൃത്തെന്നാണ് പറഞ്ഞത്. ഹദ്റത് ഖാലിദ് ചോദിച്ചു; അദ്ദേഹം ഞങ്ങളുടെ സുഹൃത്താണ് നിങ്ങളുടെ സുഹൃത്തല്ലേ.? തുടർന്ന് അയാളുടെ തല കൊയ്യാൻ ഹദ്റത്ത് ളിറാർ(റ) ന് കൽപന നൽകി.

ചരിത്ര ഗ്രന്ഥങ്ങളിലെ നിവേദനങ്ങൾ അനുസരിച്ച് ഈ വിഷയത്തിൽ അബൂഖത്താദ ഖാലിദുമായി സംസാരിക്കുകയുണ്ടായി. രണ്ടുപേർക്കുമിടയിൽ തർക്കവുമുണ്ടായി. അബൂഖത്താദ ഹദ്റത് ഖാലിദുമായി അഭി പ്രായവ്യത്യാസത്തിൽ ആകുകയും സൈന്യത്തെ ഉപേക്ഷിച്ച് ഹദ്റത് അബൂബക്കർ(റ)ന്റെ അടുക്കൽ പോകുകയും ചെയ്തിട്ട് പരാതിപ്പെട്ടു: ഖാലിദ്, മുസ്‌ലിം ആയിരുന്ന മാലിക് ബിൻ നുവൈറയെ വധിച്ചിരിക്കുന്നു. ഹദ്റത് അബൂബക്കർ അബൂഖത്താദയുടെ നിലപാടിൽ വളരെ ശക്തിയായി

പ്രതികരിച്ചു; അദ്ദേഹം സൈനീക നേതാവായ ഹദ്റത് ഖാലിദ്(റ)ന്റെ അനുവാദം കൂടാതെ സൈന്യത്തെ ഉപേക്ഷിച്ച് മദീനയിൽ വന്നു. അദ്ദേഹത്തോട് ഖാലിദിന്റെ അടുക്കലേക്ക് പോകാൻ കല്പിച്ചു. താരീഖ് ത്വിബ്‌രിയിൽ ഇതേ കുറിച്ച് കുറച്ച് കൂടി വിശദീകരണം ഇങ്ങനെ കാണാം. ഹദ്റത് ഉമർ(റ) ഹദ്റത് അബൂബക്കർ(റ)ന്റെ സവിധത്തിലെത്തി പറഞ്ഞു: ഖാലിദ് ഒരു മുസ്‌ലിമിന്റെ രക്തത്തിന്റെ ഉത്തരവാദിയാണ്. ഇത് തെളിയിക്കപ്പെടുന്നില്ലെങ്കിൽ പോലും അദ്ദേഹത്തെ ബന്ധനസ്ഥനാക്കാൻ മതിയായ കാരണമുണ്ട്. വധിച്ചു എന്നത് ഏതായാലും ശരിയാണ്. ഹദ്റത് ഉമർ(റ) ആ കാര്യത്തിൽ ഒരുപാട് നിർബന്ധം ചെലുത്തുകയും ചെയ്തു. പക്ഷെ ഹദ്റത് അബൂബക്കർ(റ) തന്റെ പ്രവർത്തകരെയും സൈനീക നേതാക്കളെയും ഒരിക്കലും ബന്ധനസ്ഥരാക്കിയിരുന്നില്ല. അതുകൊണ്ട് അദ്ദേഹം പറഞ്ഞു: ഉമറേ, ഈ കാര്യത്തിൽ നിശബ്ദത പാലിക്കുക. ഖാലിദ് ബിൻ വലീദിനെ കുറിച്ച് തെറ്റിദ്ധാരണ ഉണ്ടായതാണ്. നിങ്ങൾ അദ്ദേഹത്തെ കുറിച്ച് ഒന്നും പറയരുത്. ഹദ്റത് അബൂബക്കർ(റ) മാലിക്കിന്റെ ബ്ലഡ്മണി നൽകുകയുണ്ടായി. ഹദ്റത് അബൂബക്കർ(റ) കത്തെഴുതി ഖാലിദിനോട് തിരികെ വരാൻ കല്പിച്ചു. അദ്ദേഹം വരികയും എല്ലാ കാര്യങ്ങളും വിശദീകരിക്കുകയും ചെയ്തുകൊണ്ട് ക്ഷമാപണം നടത്തി. ഹദ്റത് അബൂബക്കർ(റ) അദ്ദേഹത്തിന് മാപ്പ് നൽകി.

മുസ്‌ലിമിന്റെ ശറഹിൽ ഇമാം നവവി(റഹ്) മുർതദ്ദീങ്ങളെ കുറിച്ച് പറയുന്നു: ഹദ്റത് അബൂബക്കർ(റ) മാലിക് ബിൻ നുവൈറയുടെ കാര്യത്തിൽ നല്ലപോലെ അന്വേഷണം നടത്തുകയും ഖാലിദ് ബിൻ വലീദിനെ നുവൈറയുടെ വധത്തെ സംബന്ധിച്ചുള്ള ആരോപണത്തിൽ നിന്നും മുക്തനാക്കുകയും ചെയ്തു. അബൂബക്കർ(റ) ഇത് സംബന്ധിച്ച് മറ്റുള്ളവരെക്കാൾ അധികം യാഥാർഥ്യങ്ങൾ മനസ്സിലാക്കിയിരുന്നു. വളരെ ആഴത്തിൽ കണ്ണോടിച്ചിരുന്നു. കാരണം അദ്ദേഹം ഖലീഫയായിരുന്നു. അദ്ദേഹത്തിന്റെ ഈമാൻ എല്ലാവരേക്കാളും ശക്തവുമായിരുന്നു. ഖാലിദുമായുള്ള പെരുമാറ്റത്തിൽ അദ്ദേഹം നബി(സ)നെ പിൻപറ്റുകയാണ് ചെയ്തത്. (നബി(സ) ഖാലിദിന് എന്തെങ്കിലും ഉത്തരവാദിത്തം നൽകിയാൽ പിന്നെ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കിയിരുന്നില്ല.)

ഹദ്റത് ഖാലിദ് ബിൻ വലീദിനെതിരിൽ മറ്റൊരു ആരോപണം, അദ്ദേഹം യുദ്ധത്തിൽ വധിക്കപ്പെട്ടയാളുടെ ഭാര്യയായ ഉമ്മെ തമീം ലൈല ബിൻത് മിൻഹാലിനെ ഇദ്ദ കഴിയാൻ പോലും കാത്തിരിക്കാതെ വിവാഹം ചെയ്തുവെന്നതാണ്. ഹദ്റത് ശാഹ് അബ്ദുൽ അസീസ് ദഹ്‌ലവി ഈ ആക്ഷേപത്തിന് മറുപടി നൽകികൊണ്ട് പറഞ്ഞ കാര്യങ്ങൾ ഹുസൂർ തിരുമനസ്സ് വിവരിച്ചുകൊണ്ട് പറഞ്ഞു: വാസ്തവത്തിൽ ഈ കഥ തന്നെ സാങ്കൽപികമാകുന്നു... അതായത് മാലിക് ബിൻ നുവൈറ ഒരു നീണ്ട കാലമായി ആ സ്ത്രീക്ക് തലാഖ് കൊടുത്തിരുന്നു. അയാൾ തന്റെ ജാഹിലിയ്യാ പാരമ്പര്യമനുസരിച്ച് അവരെ വീട്ടിൽ തന്നെ വെച്ചിരിക്കുകയായിരുന്നു. ഈ ജാഹിലിയ്യാ ആചാരത്തെ ഇല്ലാതാക്കികൊണ്ട് വിശുദ്ധ ഖുർആനിൽ ഇങ്ങനെ ആയത്ത് ഇറങ്ങിയിരിക്കുന്നു.

وَاِذَا طَلَّقْتُمُ النِّسَآءَ فَبَلَغْنَ اَجَلَهُنَّ فَلَا تَعْضُلُوْهُنَّ

അതായത് നിങ്ങൾ സ്ത്രീകൾക്ക് തലാഖ് കൊടുക്കുമ്പോൾ അവർ തങ്ങളുടെ ഇദ്ദ പൂർത്തിയാക്കിയാൽ അവരെ തടഞ്ഞുവെക്കരുത്. (2:233) ചുരുക്കത്തിൽ ഈ സ്ത്രീയുടെ ഇദ്ദ ഏതോ കാലത്ത് പൂർത്തിയായിരുന്നു. നിക്കാഹ് അനുവദനീയമായിരുന്നു. അയാൾ തലാഖ് കൊടുത്ത് വീട്ടിൽ തടഞ്ഞുവെക്കുകയാണുണ്ടായത്.

ഹദ്റത് ഖാലിദ് യമാമയിലേക്ക് പുറപ്പെടുന്നത് സംബന്ധിച്ച് പറയുന്നു: ഹദ്റത് അബൂബക്കർ ഹദ്റത് ഖാലിദ് ബിൻ വലീദിന് കൽപന നൽകികൊണ്ട് പറഞ്ഞു: അസദ് ഗത്ഫാൻ ഗോത്രങ്ങളിൽ നിന്നും മാലിക്ക് ബിൻ നുവൈറയിൽ നിന്നും വിരമിച്ചതിനുശേഷം യമാമയിലേക്ക് തിരിക്കേണ്ടതാണ്. അത് സംബന്ധിച്ച് കൂടെകൂടെ ഉണർത്തുകയും ചെയ്തിരുന്നു. ശരീക് ബിൻ അബ്ദഹ് ഫസാരിയുടെ ഉദ്ധരണിയിൽ നിന്നും കുറച്ചു വിവരണങ്ങൾ നൽകിയതിനുശേഷം ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് പറഞ്ഞു: യമാമ യുദ്ധത്തെ കുറിച്ച് ഇൻശാഹ് അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِى الْقُرْبٰى وَيَنْهٰى عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis (atba)**

at Mubarak Mosque, Islamabad, UK – on 13.05.2022

Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**